# കേരള സർവകലാശാല

നം. പി.ആർ.087/2018 ഫോൺ : 2305738

## പത്രക്കുറിപ്പ്

## പുതുക്കിയ പരീക്ഷാതീയതി

ഏപ്രിൽ 23, 24-ന് നടത്താനിരുന്ന വിവിധ പരീക്ഷകളുടെ പുനഃക്രമീകരിച്ച തീയതി വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പരീക്ഷാകേന്ദ്രത്തിന് മാറ്റമില്ല.

## ബി.ടെക് പരീക്ഷ

നാലാം സെമസ്റ്റർ ബി.ടെക് പാർട്ട്-ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 20-ന് ആരംഭിക്കും. പരീക്ഷയ്ക്ക് പിഴകൂടാതെ ഏപ്രിൽ 27, 50 രൂപ പിഴയോടെ ഏപ്രിൽ 30, 125 രൂപ പിഴയോടെ മേയ് രണ്ട് വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.പി.എഡ് ഫലം

2017 നവംബറിൽ നടത്തിയ അഞ്ച്, ഏഴ് സെമസ്റ്റർ ബാച്ച്ലർ ഓഫ് ഫിസിക്കൽ എഡ്യൂക്കേഷൻ (ബി.പി.എഡ്) പരീക്ഷകളുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.കോം ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ ഫലം

2017 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.എ ഇംഗ്ലീഷ് & കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷ

മേയിൽ ആരംഭിക്കുന്ന ഒന്നും രണ്ടും വർഷ ബി.കോം ആന്വൽ സ്കീം (എസ്.ഡി.ഇ & പ്രൈവറ്റ്) പാർട്ട് ഒന്ന്, രണ്ട് & മൂന്ന് പരീക്ഷകൾക്ക് പിഴകൂടാതെ ഏപ്രിൽ 27, 50 രൂപ പിഴയോടെ ഏപ്രിൽ 30, 125 രൂപ പിഴയോടെ മേയ് രണ്ട് വരെയും ഓൺലൈനായി (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിലൂടെ ഏപ്രിൽ 20 മുതൽ അപേക്ഷിക്കാം. ഇംപ്രൂവ്മെന്റ് (ഒന്നാം വർഷം) പരീക്ഷ എഴുതുന്നവർ ആദ്യം രണ്ടാം വർഷം രജിസ്റ്റർ ചെയ്തശേഷം ഒന്നാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. റഗുലർ, ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതുന്നവർ ഓരോന്നിനും വെവ്വേറെ ചെലാൻ ഒടുക്കണം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.കോം പരീക്ഷ

മേയിൽ ആരംഭിക്കുന്ന ഒന്നും രണ്ടും മൂന്നും വർഷ ബി.കോം സപ്ലിമെന്ററി (ട്രീമെയിൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ) പരീക്ഷയ്ക്ക് ഓൺലൈൻ വഴിയോ നേരിട്ടോ അപേക്ഷ സമർപ്പിക്കുന്നതിന് പിഴകൂടാതെ ഏപ്രിൽ 20 മുതൽ 28 വരെ, 50 രൂപ പിഴയോടെ മേയ് മൂന്ന്, 125 രൂപ പിഴയോടെ മേയ് അഞ്ച് വരെ ഫീസടച്ച് അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷകൾ (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ ചെയ്യണം. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.

തിരുവനന്തപുരം.
19.04.2018

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ